LIBRARY ARCHIVES Kerala Legislative Assembly

**സംയുക്ത പരിശോധന പൂർത്തിയാക്കിയ വില്ലേജുകളിലെ കർഷകർക്ക് കൈവശാവകാശരേഖ നൽകുന്നതിന് നടപടി**

131 (3878) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലാണ് സംയുക്ത പരിശോധന പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) സംയുക്ത പരിശോധന പൂർത്തിയാക്കിയ ഏതെല്ലാം വില്ലേജുകളിലാണ് ഇനിയും സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംയുക്ത പരിശോധനയും സർവ്വേ നടപടികളും പൂർത്തിയാക്കിയ വില്ലേജുകളിലെ കർഷകർക്ക് കൈവശാവകാശ രേഖ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തുക്കെപ്പെറ്റ, വെള്ളരിമല, മുപ്പൈനാട് എന്നീ വില്ലേജുകളിലാണ് സംയുക്ത പരിശോധന പൂർത്തിയാക്കിയത്.

(ബി) മേൽപ്പറഞ്ഞ വില്ലേജുകളിൽ സർവ്വേ ജോലികൾ പൂർത്തീകരിച്ചു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**ആദിവാസി ഭൂമിയിലെ അനധികൃത ക്വാറി**

132 (3879) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യേറിയ ആദിവാസി ഭൂമിയിലുള്ള ഊരുകളിൽ ബിനാമി പേരിൽ കരിങ്കൽ ക്വാറി നടത്തുന്നുണ്ടെന്ന എത്ര പരാതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**പരവൂർ വില്ലേജ് ഓഫീസിൽ പി.റ്റി.എസ്. തസ്തിക സൃഷ്ടിക്കൽ**

133 (3880) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ വില്ലേജ് ഓഫീസിൽ നിലവിൽ സ്വീപ്പറായി ജോലി നോക്കുന്ന ശ്രീമതി സീത എന്നുമുതലാണ് ജോലിയിൽ പ്രവേശിച്ചതെന്നും ഇവരുടെ ഇപ്പോഴത്തെ തസ്തിക ഏതെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരിയെ പി.റ്റി.എസ്. തസ്തിക സൃഷ്ടിച്ച് നിയമിയ്ക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ; എങ്കിൽ ആയതിലേക്ക് ഗവൺമെന്റ് സ്വീകരിച്ച മേൽനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ദീർഘനാളുകളായി ജോലി ചെയ്യുന്ന ജീവനക്കാരി എന്ന പരിഗണന നൽകി ഇവരെ പി.റ്റി.എസ്. ആയി നിയമിക്കുന്നതിന് തടസ്സങ്ങളുണ്ടോ ; എങ്കിൽ അവ ഒഴിവാക്കി അനുകൂല നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) പരവൂർ വില്ലേജ് ഓഫീസിൽ ശ്രീമതി ശ്യാമളകുമാരി എസ്. @ സീത കാഷ്വൽ സ്വീപ്പർ തസ്തികയിൽ 2-6-1993 മുതൽ ജോലി ചെയ്യുവരുന്നതായി ലാന്റ് റവന്യൂ കമ്മീഷണറുടെ പ്രൊപ്പോസലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) ലഭിച്ചിട്ടുണ്ട്. പരവൂർ വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതും ശ്രീമതി ശ്യാമളകുമാരി എസ്. @ സീത എന്ന കാഷ്വൽ സ്വീപ്പറുടെ സേവനം ക്രമീകരിക്കുന്നതും സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ആറന്മുള വിമാനത്താവളത്തിനായി മണ്ണിട്ട് നികത്തിയ ഭൂമി**

134 (3881) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിനായി കെ.ജി.എസ്. കമ്പനി അനധികൃതമായിട്ട് നികത്തിയ തോടുകളും നീർച്ചാലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത് എന്നായിരുന്നു ; ഉത്തരവ് നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഹൈക്കോടതി ഉത്തരവ് വന്നശേഷവും കോടതി നിർദ്ദേശം മറികടന്ന് മണ്ണിട്ട് നികത്തിയത് ഉൾപ്പെടെയുള്ള പ്രദേശം വ്യവസായ മേഖലയായി റീനോട്ടിഫൈ ചെയ്യുന്നതിന് തീരുമാനമെടുക്കുകയുണ്ടായോ ;

(ഡി) ഇത് സംബന്ധിച്ച് ജൂലൈ 10-ലെ യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; ആരെല്ലാമാണ് ഈ യോഗത്തിൽ പങ്കെടുത്തതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly